പ്രകാശവചനം

അബൂദർറ് എടയൂർ

# പകയില്ലാത്ത മനസ്സ്

عَنْ ابن عَبَّاس، قالَ: قَال النّبيّ ﷺ على الْمِنْبَرِ: ألا أُنَبِّئُكُمْ بشِرارِكُمْ؟ قَالُوا: بَلى، إنْ شِئْتَ يَارَسُولَ الله، قَال: فإنَ شِرَارَكُم الّذي يَنزلُ وَحْدَهُ، وَيَجْلِدُ عَبْدَهُ، وَيَمْنَعُ رِفْدَهُ، قَال: أفلا أنبّئُكُمْ بشرّ مِنْ ذلِكَ؟ قَالُوا: بلى إنْ شِئْتَ يَا رَسُولَ الله، قَالَ: مَنْ يبْغِضِ النّاسَ وَيُبْغِضُونَهُ

**ഇബ്നു അബ്ബാസി(റ)ൽ നിന്ന്: അല്ലാഹുവിന്റെ ദൂതർ ഒരിക്കൽ മിമ്പറിൽ വെച്ച് ചോദിച്ചു: ദുഷ്ടൻ ആരാണെന്ന് ഞാൻ നിങ്ങൾക്ക് പറഞ്ഞുതരട്ടയോ? ജനങ്ങൾ പറഞ്ഞു: അങ്ങേക്കിഷ്ടമാണെങ്കിൽ അങ്ങനെ ചെയ്താലും. നബി(സ) അരുളി: ആളുകളിൽ നിന്ന് അകന്നുകഴിയുകയും തന്റെ അടിമയോട് കർക്കശനാവുകയും ആർക്കും ഒന്നും കൊടുക്കാതിരിക്കുകയും ചെയ്യുന്നവനാണ് ദുഷ്ടൻ. അവനേക്കാൾ ദുഷ്ടൻ ആരെന്ന് കേൾക്കണോ? ആളുകൾ പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ, അങ്ങ് ഉദ്ദേശിക്കുന്നുവെങ്കിൽ പറഞ്ഞുതന്നാലും. തിരുദൂതർ അരുളി: ആർ ജനങ്ങളോട് പക വെച്ചുപുലർത്തുകയും അതിന്റെ പേരിൽ ജനങ്ങൾ അമർഷം രേഖപ്പെടുത്തുകയും ചെയ്യുന്നുവോ അയാൾ** (ത്വബ്റാനി).

ഒരിക്കൽ പ്രവാചകൻ ഞങ്ങളോട് പറഞ്ഞു: സ്വർഗാവകാശിയായ ഒരാൾ ഇപ്പോൾ ഇങ്ങോട്ട് വരും. താമസിയാതെ അൻസാരികളിൽ പെട്ട ഒരാൾ കടന്നുവന്നു. അടുത്ത ദിവസവും നബി(സ) സ്വർഗാവകാശിയായ ഒരാളുടെ ആഗമനത്തെ കുറിച്ച് പറയുകയും ഇതേ മനുഷ്യൻ കടന്നുവരികയും ചെയ്തു. മൂന്നാം ദിവസവും ഇതാവർത്തിച്ചു. അങ്ങനെ അബ്ദുല്ലാഹിബ്നു അംറ് (റ) തന്ത്രപൂർവം ആ മനുഷ്യന്റെ വീട്ടിൽ അതിഥിയായി താമസിക്കുകയും സവിശേഷമായി അദ്ദേഹത്തിൽ ഒന്നുമില്ല എന്ന് മനസ്സിലാക്കുകയും ചെയ്തു. അന്നേരം ഇബ്നു അംറ് പ്രവാചകന്റെ ഈ സംസാരം ശ്രദ്ധയിൽ പെടുത്തിയപ്പോൾ ആ അൻസാരി സ്വഹാബി പറഞ്ഞു: ഒരു മുസ്‌ലിമിനെതിരെ പകവെച്ച് പുലർത്തിക്കൊണ്ട് രാത്രി കഴിച്ചുകൂട്ടുന്നവനല്ല ഞാൻ. അല്ലാഹു ആർക്കെങ്കിലും ഒരു നന്മ വരുത്തിയാൽ അതേചൊല്ലി ഞാൻ അസൂയപ്പെടാറുമില്ല (അഹ്മദ്, ബസ്സാർ).

ഏതെങ്കിലും സന്ദർഭത്തിൽ ഒരാളോടുണ്ടാകുന്ന നീരസമോ ദേഷ്യമോ മനസിനകത്ത് ദീർഘനാൾ സൂക്ഷിച്ചുവെച്ചാൽ അത് പകയായി രൂപാന്തരപ്പെടും. പകയുടെ അനന്തരഫലമായി നിരവധി ദുസ്സ്വഭാവങ്ങളും അയാളിൽ ചേക്കേറും. അസൂയ, പരിഹാസം, പരദൂഷണം, മാനസികമോ ശാരീരികമോ ആയ പീഡനം, കുടുംബബന്ധം വിഛേദിക്കൽ, നിർദയം പെരുമാറൽ തുടങ്ങിയവ അതിൽ പെട്ടതാണ്. ഇവയൊന്നും ഒരു യഥാർഥ മുസ്‌ലിമിന് ചേർന്നതല്ല. പ്രവാചകൻ പറഞ്ഞു: 'സത്യവിശ്വാസി പക വെച്ചിരിക്കുന്നവനല്ല.'

അബ്ദുല്ലാഹിബ്നു അംറ് പറയുന്നു: മഹത്വമുള്ളവർ ആരാണെന്ന ചോദ്യത്തിനുത്തരമായി അല്ലാഹുവിന്റെ ദൂതർ ഇങ്ങനെ പറഞ്ഞു: 'ആരുടെ നാവാണോ നേരുച്ചരിക്കുന്നത്, ആരുടെ ഹൃദയമാണോ വെടിപ്പും വൃത്തിയുമുള്ളതായിരിക്കുന്നത് അവർ'. ഇതുകേട്ടപ്പോൾ ചിലർ ചോദിച്ചു: 'നേരുച്ചരിക്കുന്ന നാവ് ഏതെന്ന് ഞങ്ങൾക്കറിയാം. എന്നാൽ തിരുദൂതരേ, വെടിപ്പും വൃത്തിയുമുള്ള ഹൃദയം എന്നു പറഞ്ഞാൽ എന്താണ്?' അപ്പോൾ തിരുദൂതർ അരുളി: അല്ലാഹുവിനെ ഭയപ്പെടുന്ന ഹൃദയം. അതിൽ ഒരു തിന്മയും കടക്കുകയില്ല. അത് പാപമുക്തമാണ്. ധിക്കാരമോ അസൂയയോ പകയോ അതിനെ സ്പർശിക്കുകയില്ല (ഇബ്നു മാജ).

പരസ്പര സ്നേഹവും സാഹോദര്യവും സൗഹാർദവും കാത്തുസൂക്ഷിക്കുന്ന മുസ്‌ലിംകൾ, സത്യവിശ്വാസികളോട് ഒരു തരത്തിലുള്ള വിദ്വേഷവും തങ്ങളുടെ ഹൃദയത്തിൽ അവശേഷിക്കാൻ ഇടവരുത്തരുതേ എന്നു പ്രാർഥിക്കുന്നവരായിരിക്കുമെന്ന് ഖുർആൻ പഠിപ്പിക്കുന്നു (*അൽ ഹശ്ർ* 10).

തന്റെ മകളും പ്രവാചക പത്നിയുമായ ആഇശ(റ)യെ കുറിച്ച അപവാദ പ്രചാരണത്തിൽ പങ്കാളിയായതിന്റെ പേരിൽ തന്റെ ബന്ധുവായ മിസ്ത്വഹിന് നൽകിയിരുന്ന ധനസഹായം അബൂബക്കർ (റ) പിൻവലിച്ചപ്പോൾ ഖുർആൻ അതിനെ വിമർശിച്ചത് ശ്രദ്ധേയമാണ്. ആശയപരമായ ഭിന്നത പകയായി മാറുകയും പ്രതിപക്ഷ ബഹുമാനം അസ്തമിക്കുകയും ചെയ്തത് ഒരു വൻദുരന്തമായി മുസ്‌ലിം സമൂഹം ഇനിയും തിരിച്ചറിഞ്ഞിട്ടില്ല. ജീവിച്ചിരിക്കെയുള്ള പരസ്പര സൗഹൃദ സന്ദർശനങ്ങൾ ഇല്ലാതാവുന്നതും മരണപ്പെട്ടാൽ പോലും അതറിയാത്ത ഭാവം നടിക്കുന്നതും മനസിനകത്ത് നുരഞ്ഞുപൊന്തുന്ന പകയുടെയും വിദ്വേഷത്തിന്റെയും ഫലമാണ്. ഈ അടങ്ങാത്ത പകയുമായി നമുക്ക് എത്ര ദൂരം മുന്നോട്ടു പോകാനാവും? പക വിശ്വാസിയുടെ സ്വഭാവമല്ലെന്നും പകയുമായി മുന്നോട്ടുപോകുന്നവൻ ദുഷ്ടനാണെന്നും അത് നമ്മുടെ സ്വർഗപ്രവേശം ദുഷ്കരമാക്കുമെന്നുമൊക്കെ പ്രവാചകൻ മുന്നറിയിപ്പു നൽകിയിരിക്കെ വിശേഷിച്ചും. ■